# തവസ്സുലിന്റെ ഇസ്‌ലാമിക മാനം

ശാഫി സ്വലാഹി ചങ്ങലീരി

സാമീപ്യം, സമീപനമാർഗ്ഗം, ലക്ഷ്യത്തിലെത്തിച്ചേരാനുള്ള വഴി എന്നെല്ലാമാണ് 'വസീല', 'തവസ്സുൽ' എന്നീ അറബി പദങ്ങളുടെ അർത്ഥം. എന്നാൽ ഇവിടെ നാം ചർച്ചചെയ്യുന്ന തർക്കത്തിലിരിക്കുന്ന 'തവസ്സുൽ' കൊണ്ടുദ്ദേശിക്കുന്നത്, സൃഷ്ടികൾ അവരുടേയും അല്ലാഹുവിന്റേയും ഇടയിൽ ഒന്നിനെ മദ്ധ്യവർത്തിയായി നിർത്തി അതുമുഖേന അല്ലാഹുവിലേക്കടുക്കുക എന്നാണ്. അങ്ങനെ ഇടയാളനായി സ്വീകരിക്കാറുള്ളത് മരിച്ചുപോയ മഹാത്മാക്കളേയും ജീവിച്ചിരിക്കുന്നവരുടെ ഹഖ്, ജാഹ്, ബർക്കത്ത് എന്നിവയുമാണ്. ഇതാ സുന്നി പണ്ഡിതന്മാരുടെ വരികൾ തന്നെ കാണുക:

**(വിവാദ വിഷയങ്ങൾ ഒരു പ്രാമാണിക പഠനം പേജ്: 15, പ്രസാധനം: സുന്നി പബ്ലിക്കേഷൻ സെന്റർ ചെമ്മാട്)**




വിവാദ വിഷയങ്ങൾ ഒരു പ്രാമാണിക പഠനം

***ചോദ്യം 2: തവസ്സുൽ എന്നാൽ എന്താണ്?***

**ഉത്തരം: അല്ലാഹുവിന്റെ ഇഷ്ടഭാജനങ്ങളെ പറയുക വഴി അനുഗ്രഹം തേടുക എന്നാണതിന്റെ ഉദ്ദേശ്യം. അല്ലാഹുവിന്റെ ഇഷ്ടമിത്രങ്ങളായ മഹാന്മാർ നിമിത്തമായി സൃഷ്ടികൾക്കവൻ കാരുണ്യം വർഷിക്കുമെന്ന് പ്രാമാണികമായി സ്ഥിരപ്പെട്ടതിനാലാണിത്. അപ്പോൾ അവരെ കൊണ്ട് തവസ്സുൽ ചെയ്യുക എന്നതിന്റെ വിവക്ഷ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനും ഉദ്ദിഷ്ടകാര്യങ്ങൾ കരഗതമാകുന്നതിനും സർവശക്തനായ അല്ലാഹുവിങ്കലേക്ക് അവർ മാധ്യമമാക്കപ്പെടുക എന്നതാണ്. കാരണം നമ്മെക്കാൾ അല്ലാഹുവിങ്കലേക്ക് ഏറ്റം സമീപസ്ഥരാണവർ. തന്മൂലം അവരുടെ ദുആകൾക്ക് അല്ലാഹു ഉത്തരം നൽകുകയും അവരുടെ ശുപാർശകൾ അവൻ സ്വീകരിക്കുകയും ചെയ്യും.**

**(കൊട്ടപ്പുറം സുന്നി മുജാഹിദ് സംവാദം പേജ്: 14, ഒ.എം. തരുവണ പ്രസാധനം: എസ്.എസ്. എഫ് സ്റ്റേറ്റ് കമ്മറ്റി)**



(2) മുജാഹിദ് പക്ഷത്തിന്റെവാദം: അല്ലാഹുവിങ്കലേക്ക് അടുപ്പിക്കാൻ വേണ്ടി മരിച്ചുപോയ മഹാത്മാക്കളെ ഇടയാളന്മാരാക്കി പ്രാർത്ഥിക്കുന്നത് ശിർക്കാകുന്നു. സുന്നിപക്ഷത്തിന്റെ വാദം: അമ്പിയാ ഔലിയാ സ്വാലിഹീങ്ങൾ എന്നീ മഹാന്മാരെ ഇടയാളന്മാരാക്കി അല്ലാഹുവിലേക്ക് തവസ്സുൽ ചെയ്യുന്നത് അനുവദനീയമാകുന്നു.

ഇന്ന് നമ്മുടെ സമൂഹത്തിലെ പൊതുജനങ്ങളിൽ ഭൂരിപക്ഷവും മേൽ വിശ്വാസക്കാരാണ്. അഥവാ അവർ വിശ്വസിക്കുന്നത്, നമുക്കാർക്കും അല്ലാഹുവിലേക്ക് നേരിട്ടടുക്കാൻ സാധിക്കുകയില്ലെന്നാണ്. കാരണം നാം അല്ലാഹുവോടടുത്തവരല്ല, നിത്യേന നിരവധി തെറ്റുകൾ ചെയ്യുന്നവരാണ്. അതുകൊണ്ട് അവനിലേക്ക് കൂടുതൽ അടുത്ത അവന്റെ ഇഷ്ട ദാസന്മാരായ അമ്പിയാ-ഔലിയാക്കൾ വഴി മാത്രമേ അടുക്കാൻകഴിയുകയുള്ളൂ. അവർ നമ്മുടെ കാര്യങ്ങൾ അല്ലാഹുവോടു പറയും; എങ്കിൽ അതൊരിക്കലും അല്ലാഹു തട്ടിമാറ്റുകയില്ല! ഇതാണ് ഈ വിഷയത്തിലുള്ള നമ്മുടെ സമൂഹത്തിന്റെ വിശ്വാസം. അതിനവർ പറയുന്ന ചില ഉദാഹരണങ്ങളുമുണ്ട്. അവ ഇങ്ങനെയാണ്:

അന്യായവുമായി ഒരാൾ കോടതിയിൽ പോകുമ്പോൾ വക്കീലില്ലാതെ ജഡ്ജിയോട് നേരിട്ട് പറയാൻ പറ്റുകയില്ലല്ലോ, ഒരു രാജാവ് അല്ലെങ്കിൽ പ്രധാനമന്ത്രി, മുഖ്യമന്ത്രി തുടങ്ങിയവരോട് നമ്മുടെ വല്ല പരാതികളോ മറ്റോ പറയാൻ അവരുടെ ഓഫീസുകളിലേക്ക് നേരിട്ട് കയറിച്ചെല്ലാൻ കഴിയില്ല, അതിന് നമ്മുടെ നാട്ടിലെ എം.എൽ.എയേയോ അല്ലെങ്കിൽ പാർട്ടി നേതാക്കളേയോ ആദ്യം സമീപിക്കേണ്ടതുണ്ട്. എങ്കിൽ നമ്മുടെ കാര്യം പെട്ടെന്ന് സാധിക്കും. ഇത്തരം ഭൗതിക ന്യായങ്ങളാണ് അല്ലാഹുവിലേക്കടുക്കാൻ ഇടയാളന്മാരാവശ്യമുണ്ടെന്ന് പറയുന്നവർക്കുള്ളത്!

എന്നാൽ ഈ വിശ്വാസം ഇസ്‌ലാമിന് തികച്ചും അന്യമാണ്. എന്ന് മാത്രമല്ല, ഇത് മക്കയിലുണ്ടായിരുന്ന മുശ്‌രിക്കുകൾ(ബഹുദൈവാരാധകർ) വെച്ചുപുലർത്തിയിരുന്ന പിഴച്ച വിശ്വാസമായിരുന്നു. ഖുർആൻ തന്നെ പറയുന്നത് കാണുക:

**(സൂറഃ സുമർ–3) കെ.വി. മുഹമ്മദ് മുസ്‌ല്യാർ കൂറ്റനാട് നൽകിയ അർത്ഥം: (ഫത്ഹുർറഹ്മാൻ: 5–93)**




وَالَّذِينَ اتَّخَذُوا مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ

അല്ലാഹുവിനെക്കൂടാതെ ആരാധ്യവസ്തുക്കളെ സ്വീകരിച്ചവരാകട്ടെ (അവർ പറയുന്നു:) 'അല്ലാഹുവിങ്കലേക്ക് അവർ ഞങ്ങളെ ശരിയായി അടുപ്പിച്ചുതരുവാനായി മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്.'(2) അവർ

(2) ഖുർആന്റെ സത്യാവസ്ഥയും തൗഹീദും സ്ഥാപിച്ച ശേഷം മുശ്‌രിക്കുകൾ അല്ലാഹു അല്ലാത്ത ചില വസ്തുക്കളെ ഇലാഹാക്കിവെച്ച് അവക്ക് ഇബാദത്ത് ചെയ്തുവന്നിരുന്നതിന് ന്യായീകരണം നൽകുന്നതെങ്ങനെയാണെന്ന് അല്ലാഹു വിവരിക്കുന്നു. തങ്ങളുടെ ആ ഇലാഹുകൾ അല്ലാഹുവിനോട് ശുപാർശ ചെയ്തു അവന്റെ അടുക്കൽ തങ്ങൾക്ക് സാമീപ്യവും പ്രീതിയും നേടിത്തരുമെന്നത്രെ അവരുടെ വാദം. ഇത് തനി കള്ളവും സത്യനിഷേധവുമാണെന്നാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഇവിടെ

**(സൂറഃ യൂനുസ്–18) വലിയ ഖാസി ഇമ്പിച്ചിക്കോയ തങ്ങൾ നൽകിയ അർത്ഥം: (അൽബയാൻ പേജ്: 274)**



وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ⑱

10/18. അല്ലാഹുവിനെ വിട്ട് തങ്ങൾക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത ചില വസ്തുക്കളെ അവർ ആരാധിക്കുന്നു. ഇവ അല്ലാഹുവിങ്കൽ തങ്ങളുടെ ശുപാർശക്കാരാണ് എന്നവർ പറയുകയും ചെയ്യുന്നു. ചോദിക്കുക. ആകാശഭൂമികളിൽ തനിക്കറിയാത്തത് അല്ലാഹുവിനെ നിങ്ങൾ അറിയിക്കുകയാണോ? അവർ പങ്ക് ചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു.

അപ്പോൾ അല്ലാഹുവിലേക്കടുക്കാൻ ഇടയാളന്മാരും മധ്യവർത്തികളും വേണമെന്ന വാദം മക്കാമുശ്‌രിക്കുകളുടേതാണെന്ന് മനസ്സിലാക്കാം.

എന്നാൽ ഇസ്‌ലാം അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് ഇടയാളന്മാരില്ലാതെ നേരിട്ട് അടുക്കുവാൻ പറ്റിയ അങ്ങേയറ്റത്തെ കാരുണ്യത്തിന്റെ ഉടമയായിട്ടാണ്. അവന്റെ വിശേഷണങ്ങളായി വിശുദ്ധ ഖുർആൻ ഏറ്റവും കൂടുതൽ പരിചയപ്പെടുത്തുന്നത് 'റഹ്‌മാൻ'(പരമ കാരുണികൻ) 'റഹീം'(കരുണാനിധി) എന്നിങ്ങനെയാണ്. തെറ്റുകൾ ചെയ്തവരോട് പോലും അവൻ കാരുണ്യത്തോടുകൂടി പറയുന്നത് നോക്കൂ:

**(സൂറ: സുമർ– 53) പൊന്നാനി മഖ്ദൂമി നൽകിയ അർത്ഥവും വ്യാഖ്യാനവും: (ഫത്ഹുൽ അലീം 2–1015)**



قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ ۚ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ﴿٥٣﴾

53. (നബീ, എന്റെ അടിമകളോട് ഞാൻ പറഞ്ഞതായി) പറയുക. തങ്ങളുടെ സ്വന്തം ശരീരങ്ങളോട് അതിക്രമം പ്രവർത്തിച്ചിട്ടുള്ള എന്റെ അടിമകളേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിരാശരാകരുത്. അല്ലാഹു പാപങ്ങൾ മുഴുവനും പൊറുത്തുതരികതന്നെ ചെയ്യും. തീർച്ചയായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും പരമകാരുണികനും.

സൃഷ്ടികളുമായുള്ള അവന്റെ അടുപ്പത്തെക്കുറിച്ച് അവൻ തന്നെ പ്രഖ്യാപിക്കുന്നത് നോക്കൂ:

**(സൂറ: ഖാഫ്– 16) കെ.വി. മുഹമ്മദ് മുസ്ല്യാർ കൂറ്റനാട് നൽകിയ അർത്ഥം: (ഫത്ഹുർറഹ്‌മാൻ: 2–1124)**



وَلَقَدْ خَلَقْنَا الْإِنسَانَ وَنَعْلَمُ مَا تُوَسْوِسُ بِهِ نَفْسُهُ ۖ وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ الْوَرِيدِ ﴿١٦﴾

16. തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചു. അവന്റെ ഹൃദയം മന്ത്രിക്കുന്നത് നാം അറിയുന്നുണ്ട്, തന്റെ കണ്ഠനാഡിയെക്കാൾ നാം അവനോട് അടുത്തവനാണ്.

**(സൂറ: അൽ ബഖറ– 186) കെ.വി. മുഹമ്മദ് മുസ്ല്യാർ കൂറ്റനാട് നൽകിയ അർത്ഥം: (ഫത്ഹുർറഹ്‌മാൻ: – 259)**



186. എന്റെ അടിമകൾ താങ്കളോട് എന്നെക്കുറിച്ചു ചോദിച്ചാൽ, നിശ്ചയമായും ഞാൻ അവരുടെ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിച്ചാൽ ഞാൻ അവന്റെ പ്രാർത്ഥനക്കുത്തരം ചെയ്യും. അതിനാൽ അവരെന്റെ വിളിക്ക് ഉത്തരം ചെയ്യുകയും എന്നിൽ വിശ്വസിക്കയും ചെയ്തുകൊള്ളട്ടെ. അതുമൂലം അവർക്കു സന്മാർഗ്ഗികളാകാവുന്നതാണ്.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

നോക്കൂ, എത്രവലിയ കാരുണ്യവാനാണവൻ! നമ്മോട് ഏറ്റവും അടുത്തവനാണെന്നും തെറ്റുകളും കുറ്റങ്ങളും ചെയ്തു കൂട്ടിയവരോട് പോലും നിരാശപ്പെടേണ്ടതില്ല; പൊറുത്തുതരാൻ താൻ എപ്പോഴും ഒരുക്കമാണെന്നുമറിയിക്കുന്നു അവൻ! എന്നിട്ട് ആ നാഥനിലേക്ക് അടുക്കാൻ മറ്റൊരാളുടെ ഇടയാളത്തമാവശ്യമുണ്ടെന്നോ? അവന് നമ്മെ മറ്റാരെങ്കിലും പരിചയപ്പെടുത്തിക്കൊടുക്കുകയും അടുപ്പിക്കുകയും

ചെയ്യേണ്ടതുണ്ടെന്നോ?! വല്ലാത്ത വിശ്വാസം തന്നെ!. നാമുമായി ഏറ്റവും അടുത്ത, നമ്മുടെ രഹസ്യപരസ്യങ്ങളറിയുന്ന, നമ്മോട് ഏറ്റവും കൂടുതൽ സ്നേഹമുള്ളവനുമായ അല്ലാഹുവിനെ, കേസിലെ ന്യായവും അന്യായവും സത്യവും അസത്യവും കടലാസുനോക്കി വിധിക്കുന്ന ജഡ്ജിയോട് താരതമ്യപ്പെടുത്തുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. അസത്യമായാലും തന്റെ വാദം ശരിയാക്കി കേസ് ജയിക്കാനായി വക്കീലന്മാരെ പിടിക്കുന്നത് (അസത്യമായാലും ഔലിയാക്കന്മാർ അല്ലാഹുവിൽ നിന്നു വാദിച്ച് വാങ്ങിത്തരും എന്നാണോ?) ലോകം മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്ന, എല്ലാറ്റിനും കഴിവുള്ള, ലക്ഷക്കണക്കിലുള്ള ഭാഷയിൽ കോടിക്കണക്കിന് ജനങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിമിഷത്തിനുള്ളിൽ ഉത്തരം കൊടുക്കാൻ കഴിവുള്ള അല്ലാഹുവിനെ, പോലീസിന്റേയും പട്ടാളത്തിന്റേയും കാവലില്ലാതെ ഒന്ന് മൂത്രമൊഴിക്കാൻ പോലും കഴിയാത്ത രാഷ്ട്രപതിയോടും പ്രധാനമന്ത്രിയോടും താരതമ്യപ്പെടുത്തുന്നത് അല്ലാഹുവിനെ അപമാനിക്കൽ മാത്രമല്ല, അവന്റെ വാജിബായ 'ഖുദ്റത്ത്' എന്ന സ്വിഫത്തിനെ നിഷേധിക്കുകയും മുസ്തഹീലായ (വരാൻ പാടില്ലാത്ത) സ്വിഫത്തായ 'അജസി' (അശക്തി)നെ സ്ഥിതീകരിക്കുകയും കൂടിയാണ് ചെയ്യുന്നത്. അതിനാൽ ഇതെല്ലാം ഇസ്ലാമിന് പരിചയമില്ലാത്ത വിശ്വാസം തന്നെ! ഇവരൊക്കെ അല്ലാഹുവിനെ മനസ്സിലാക്കിയിട്ടുള്ളത് വിശുദ്ധ ഖുർആനിൽ നിന്നോ തിരു സുന്നത്തിൽനിന്നോ അല്ല. മറിച്ച് കുറെ കേട്ടുകേൾവികളിൽനിന്നും കെട്ടുകഥകളിൽനിന്നുമാണെന്ന് ഇതോടെ വ്യക്തമായല്ലോ!.

തെറ്റായ മേൽ വിശ്വാസം സമൂഹമനസ്സിൽ ആഴത്തിൽ വേരുറക്കാനുള്ള പ്രധാന കാരണം, മറ്റു പല മതക്കാർക്കും സംഭവിച്ചതുപോലെ തങ്ങളെ സൃഷ്ടിച്ച് പരിപാലിക്കുന്ന നാഥനെക്കുറിച്ചും അവന്റെ കാരുണ്യത്തെകുറിച്ചും സൃഷ്ടികളുമായി അവനുള്ള അടുപ്പത്തെ കുറിച്ചുമുള്ള അജ്ഞതയാണ്. പുറമെ പൗരോഹിത്യത്തിന്റെ, സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടിയുള്ള കടന്നുകയറ്റവുമാണ്. അതുകൊണ്ട് അല്ലാഹുവിനെ മുസ്ല്യാക്കന്മാരിൽനിന്ന് മനസ്സിലാക്കാതെ വിശുദ്ധ ഖുർആനിൽനിന്നും തിരു സുന്നത്തിൽ നിന്നും മനസ്സിലാക്കാൻ നാം തയ്യാറാവുക!

തവസ്സുലിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ നാം മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന കാര്യം, തവസ്സുൽ രണ്ടുവിധമുണ്ട് എന്നതാണ്. ഒന്ന് ശറഇൽ അനുവദിക്കപ്പെട്ടത്. മറ്റൊന്ന് വിരോധിക്കപ്പെട്ടത്. അനുവദിക്കപ്പെട്ടത് തന്നെ രണ്ട് തരമുണ്ട്.

**1. അല്ലാഹുവിലും റസൂലിലുമുള്ള വിശ്വാസവും സൽകർമ്മങ്ങളും കൊണ്ടുള്ള തവസ്സുൽ:-** അതായത്, അവ മുഖേന അല്ലാഹുവോടടുക്കുകയും ബന്ധപ്പെടുകയും ചെയ്യൽ. അഥവാ, അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചുകൊണ്ട് അല്ലാഹുവും റസൂലും ആവശ്യപ്പെടുന്നത് അനുസരിച്ചും, വിരോധിച്ചത് കയ്യൊഴിച്ചും ജീവിച്ച് പുണ്യകർമ്മങ്ങളനുഷ്ഠിക്കുക എന്നതാണ് അതിൽ മുഖ്യമായിട്ടുള്ളത്. വിശുദ്ധ ഖുർആൻ തന്നെ പറയുന്നത് കാണുക:

**(സൂറ: മാഇദ–35) വലിയ ഖാസി ഇമ്പിച്ചിക്കോയ തങ്ങൾ നൽകിയ അർത്ഥം: (അൽബയാൻ പേജ്: 147)**



ജുസ്ഉ് - 6 147 സൂറ 5 മാഇദ

5/35. വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അവങ്കലേക്ക് അടുപ്പിക്കുന്ന മാർഗ്ഗം അന്വേഷിക്കുകയും, അവന്റെ മാർഗ്ഗത്തിൽ പോരാടുകയും ചെയ്യുവിൻ. നിങ്ങൾ വിജയികളാകാൻ വേണ്ടി.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ وَجَاهِدُوا فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾

ഈ ആയത്തിൽ പറയുന്നത് മേൽ വിശദീകരിച്ച, അനുവദിക്കപ്പെട്ട തവസ്സുലാണ് എന്നത് പ്രാമാണികരും പൗരാണികരുമായ മുഴുവൻ മുഫസ്സിറുകളും അംഗീകരിച്ചതായി കാണാൻ സാധിക്കും. (ഈ ആയത്ത് വിശതമായി ശേഷം ചർച്ച ചെയ്യുന്നതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കുന്നില്ല.)

സൽ കർമ്മങ്ങൽ കൊണ്ടുള്ള തവസ്സുലിനുള്ള മറ്റൊരു ഉദാഹരണമാണ്, ഗുഹയിൽ കുടുങ്ങിപ്പോയ മൂന്നാളുകളെപ്പറ്റി വന്ന പ്രസിദ്ധമായ ഹദീസ്. പ്രസ്തുത ഹദീസ് ഇങ്ങനെയാണ്:

നബി(ﷺ) പറഞ്ഞതായി ഇബ്നു ഉമർ(റ) ഉദ്ധരിക്കുന്നു: "മുൻഗമികളിൽപ്പെട്ട മൂന്നുപേർ ഒരു യാത്ര പുറപ്പെട്ടു. ഉറക്കം ബാധിച്ചപ്പോൾ അവർ ഒരു ഗുഹയിൽ അഭയം തേടി. അവരതിൽ പ്രവേശിച്ചപ്പോൾ പർവ്വതത്തിൽ നിന്ന് ഒരു പാറ ഉരുണ്ടുവീണ് ഗുഹാമുഖം അടച്ചുകളയുകയും അവരതിൽ അകപ്പെട്ടു പോവുകയും ചെയ്തു. അപ്പോൾ അവർ പരസ്പരം ഇങ്ങനെ പറഞ്ഞു; നാം ചെയ്ത പുണ്യ കർമങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് (തവസ്സുൽ ചെയ്തുകൊണ്ട്) അല്ലാഹുവിനോട് പ്രാർത്ഥിക്കാം. എങ്കിലേ നമുക്ക് രക്ഷ കിട്ടൂ.

അങ്ങനെ അവരിൽ ഒരാൾ പ്രാർത്ഥിച്ചു: "അല്ലാഹുവേ, എനിക്ക് വൃദ്ധരായ മാതാപിതാക്കളുണ്ടായിരുന്നു.അവർ കുടിക്കുന്നതിനു മുമ്പ് കുടുംബാംഗങ്ങൾക്കോ ഭൃത്യൻമാർക്കോ യാതൊരു പാനീയവും ഞാൻ കൊടുക്കാറില്ല. ഒരു ദിവസം വിറകന്വേഷിച്ചുകൊണ്ട് എനിക്ക് കുറേയധികം ദൂരേക്ക് പോകേണ്ടി വന്നു. ഞാൻ തിരിച്ചെത്തിയപ്പോഴേക്കും അവർ ഉറങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ അവർക്കു വേണ്ടി (രാത്രി ഭക്ഷണമായി) പാൽ കറന്നെടുത്തു. അവർക്ക് കൊടുക്കുന്നതിന് മുമ്പ് മറ്റാർക്കും കൊടുക്കുന്നതോ, അവരെ വിളിച്ചുണർത്തുന്നതോ ഞാൻ വെറുത്തു. അങ്ങനെ പാൽപാത്രവുമായി, അവർ ഉണരുന്നതും കാത്ത് നേരം വെളുക്കുവോളം ഞാൻ നിന്നു. കുട്ടികൾ എന്റെ പാദത്തിൽ വീണ് നിലവിളിച്ചുകൊണ്ടിരുന്നു. നേരം പുലർന്നപ്പോൾ അവരുണർന്ന് രാത്രി കുടിക്കേണ്ടിയിരുന്ന പാൽ കുടിച്ചു. അല്ലാഹുവേ, നിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടാണ് ഞാനിപ്രകാരം ചെയ്തതെങ്കിൽ ഞങ്ങൾ അകപ്പെട്ടിട്ടുള്ള ഈ പാറ ഞങ്ങളിൽ നിന്ന് നീ നീക്കിത്തരേണമേ."

അപ്പോൾ അത് അൽപമൊന്ന് നീങ്ങി. പക്ഷെ, അതിലൂടെ അവർക്ക് പുറത്ത് കടക്കാൻ കഴിയുമായിരുന്നില്ല.

രണ്ടാമൻ ഇങ്ങനെ പ്രാർത്ഥിച്ചു: "അല്ലാഹുവേ! എനിക്കൊരു പിതൃവ്യപുത്രിയുണ്ടായിരുന്നു. അവൾ എനിക്ക് ഏറെ പ്രിയങ്കരിയായിരുന്നു. (മറ്റൊരു റിപ്പോർട്ടിൽ: സാധാരണ പുരുഷന്മാർ പ്രേമിക്കുന്നതിൽ കൂടുതലായി ഞാൻ അവളെ പ്രേമിച്ചിരുന്നു എന്നുണ്ട്) ഞാൻ അവളുടെ ശരീരം കിട്ടാൻ കൊതിച്ചു. അവൾ എനിക്കത് നിരസിക്കുകയായിരുന്നു. എന്നാൽ, ഒരുവർഷം അവൾക്കൊരു ക്ഷാമം പിടിപെട്ടപ്പോൾ അവൾ എന്റെ അടുത്തുവന്നു. എനിക്കും അവൾക്കും ഇടയിലുള്ള തടസ്സങ്ങൾ ഒഴിവാക്കണമെന്ന വ്യവസ്ഥയിൽ ഞാനവൾക്ക് 120 സ്വർണ്ണനാണയങ്ങൾ നൽകി. അവൾ അതിന് സന്നദ്ധയായി. അങ്ങനെ അവൾ എനിക്ക് അധീനപ്പെട്ടുകഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: 'താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കുക! നിയമാനുസൃത രീതിയിലല്ലാതെ നീ എന്റെ ചാരിത്ര്യം കവരരുത്.' ഇത് കേട്ടതോടെ ഞാൻ അവളിൽനിന്നകന്നു. അവളെനിക്ക് ഏറെ പ്രിയങ്കരിയായിരിക്കെത്തന്നെ ഞാനവളെവിട്ടകന്നു. അവൾക്ക് നൽകിയ സ്വർണ്ണനാണയങ്ങളും ഞാനവൾക്ക് വിട്ടുകൊടുത്തു. അല്ലാഹുവേ! നിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടാണ് ഞാനിപ്രകാരം ചെയ്തതെങ്കിൽ ഞങ്ങൾ അകപ്പെട്ടിരിക്കുന്ന

ദുരന്തത്തിൽ നിന്ന് നീങ്ങളെ രക്ഷിക്കേണമേ"

ഉടനെ പാറ അൽപം കൂടി നീങ്ങി. എന്നിട്ടും അവർക്ക് പുറത്ത് കടക്കാൻ കഴിയുമായിരുന്നില്ല. പിന്നെ മൂന്നാമൻ ഇങ്ങനെ പ്രാർത്ഥിച്ചു: "അല്ലാഹുവേ! ഞാൻ കുറെ ജോലിക്കാരെ കൂലിക്കു വിളിച്ചിരുന്നു. അവരിൽ ഒരാൾക്കൊഴികെ എല്ലാവർക്കും ഞാൻ കൂലികൊടുത്തു. അവശേഷിച്ച ഒരാൾ തന്റെ കൂലി വാങ്ങാതെ പോയിക്കളഞ്ഞു. അയാളുടെ കൂലിസംഖ്യ ഞാൻ വളർത്തിക്കൊണ്ടുവന്നു. അങ്ങനെ അത് വർദ്ധിച്ച് വലിയ സംഖ്യയായിത്തീർന്നു. കുറെകാലം കഴിഞ്ഞു അയാൾതിരിച്ചുവന്നു ഇങ്ങനെ പറഞ്ഞു:

'അല്ലാഹുവിന്റെ ദാസാ! എനിക്ക് എന്റെ പണിക്കൂലി തരൂ' ഞാൻപറഞ്ഞു: 'ഈ കാണുന്ന ഒട്ടങ്ങളും, അടിമകളുമെല്ലാം താങ്കളുടെ കൂലിയാണ്".അപ്പോൾ അയാൾ ചോദിച്ചു: 'താങ്കൾ എന്നെ പരിഹസിക്കുകയാണോ?' ഞാൻ പറഞ്ഞു: 'അല്ല; ഞാൻ നിന്നെ പരിഹസിക്കുകയല്ല. എല്ലാം നിന്റെ സ്വത്താണ്.' അങ്ങനെ അയാൾ അത് സ്വീകരിച്ചു. ആടുമാടുകളെയെല്ലാം അയാൾ തെളിച്ചു കൊണ്ടുപോയി. അല്ലാഹുവേ നിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ടാണ് ഞാനിപ്രകാരം ചെയ്തിട്ടുള്ളതെങ്കിൽ ഞങ്ങൾ അകപ്പെട്ടിരിക്കുന്ന ഈ ദുരന്തത്തിൽ നിന്നും നീങ്ങൾക്ക് മോചനം നൽകേണമേ!"

മൂന്നാമന്റെ പ്രാർത്ഥനകൂടിയായതോടെ പാറക്കല്ല് പൂർണ്ണമായി നീങ്ങി. അവർ മൂന്നുപേരും പുറത്തിറങ്ങി നടന്നു പോവുകയും ചെയ്തു." *(ബുഖാരി, മുസ്‌ലിം)*

സൗഖ്യമുള്ള സമയത്ത് ഞങ്ങൾ ചെയ്തുവെച്ച നിഷ്കളങ്കമായ പ്രവർത്തനങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് 'തവസ്സുൽ' ചെയ്യാമെന്നതിന് ഈസംഭവം വ്യക്തമായ തെളിവ് നൽകുന്നു.

ചുരുക്കത്തിൽ ഓരോ ആളുകൾക്കും സ്വന്തം സൽക്കർമ്മങ്ങൾ കൊണ്ട് തവസ്സുൽ ചെയ്യൽ അനുവദനീയമണ്.

**2. ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൊണ്ടുള്ള തവസ്സുൽ:-** തവസ്സുൽ ചെയ്യുന്ന ആൾ തനിക്കുവേണ്ടി ഇന്ന കാര്യത്തിന് അല്ലാഹുവോട് പ്രർത്ഥിക്കണമെന്ന് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു പറയലാണിത്.

നബി(ﷺ)യുടെ അടുക്കൽ ഒരു ഗ്രാമീണ അറബി വന്ന് മഴക്കുവേണ്ടി പ്രാതഥിക്കാനാവശ്യപ്പെട്ടത് ഇതിന്നുദാഹരണമാണ്. ഇക്കാര്യം ബുഖാരി, മുസ്‌ലിം തുട ങ്ങിയ പ്രസിദ്ധ ഹദീസ് ഗ്രന്ഥങ്ങളിലെല്ലാം റിപ്പോർട്ടുചെയ്യപ്പെട്ടതാണ്. ഇതുപോലെ നമുക്കും ജീവിച്ചിരിക്കുന്ന സ്വാലിഹീങ്ങളോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടാം. ഉമർ(റ) ഉംറക്കായി മക്കത്തേക്ക് പോകുമ്പോൾ നബി(ﷺ) അദ്ദേഹത്തോട് "സുഹൃത്തേ ഞങ്ങളെ നിന്റെ പ്രാർത്ഥനയിൽ മറക്കരുതേ" എന്ന് പറഞ്ഞത് ഇതിനുള്ള മറ്റൊരു തെളിവാണ്.

എന്നാൽ ജീവിതകാലത്ത് മാത്രമേ ഈ തവസ്സുലിന്റെ അനുവദനീയതക്ക് സാധുതയുള്ളൂ. അതിനാൽ ആരെങ്കിലും നബി(ﷺ)യുടേതടക്കം ഖബറിങ്കൽ ചെന്ന് എന്റെ ആവശ്യം നിറവേറ്റിത്തരണമെന്നോ പാപം പൊറുത്തുതരണമെന്നോ വിഷമം അകറ്റിത്തരണമെന്നോ പ്രാർത്ഥിക്കാനോ, തവസ്സുലാക്കാനോ പാടുള്ളതല്ല.

**3. അല്ലാഹുവിന്റെ നാമ-ഗുണ-വിശേഷണങ്ങൾക്കൊണ്ടുള്ള തവസ്സുൽ:-** അനുവദിക്കപ്പെട്ട 'തവസ്സുലി'ന്റെ മറ്റൊരു ഇനമാണിത്. അല്ലാഹുവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക. അവന്റെ മഹിത നാമങ്ങൾകൊണ്ടും ഉദാത്ത ഗുണവിശേഷണങ്ങൾകൊണ്ടും അവനെ പ്രകീർത്തിക്കുക. ശേഷം അവനോട്, താൻ ഉദ്ദേശിക്കുന്ന കാര്യത്തിനായി പ്രാർത്ഥിക്കുക.

വിശുദ്ധ ഖുർആൻ തന്നെ പഠിപ്പിക്കുന്നു:

(സുറഃ അഅ്റാഫ്– 180) കെ.വി. കുറ്റനാട് നൽകിയ അർത്ഥം: (ഫത്ഹുറഹ്മാൻ: 2 –330)



180. അല്ലാഹുവിന്നു അതിവിശിഷ്ട നാമങ്ങളുണ്ട്. അതിനാൽ അവകൊണ്ട് നിങ്ങൾ അവനെ വിളിക്കുക.

وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا

ഇബ്നുമാജ, നസാഈ എന്നിവർ അനസുബ്നു മാലിക്(റ)വിൽ നിന്നുദ്ധരിക്കുന്ന ഒരു നബിവചനം ഇതിന് തെളിവാണ്: അനസ്(റ) പറയുന്നു: ഞാൻ നബി(ﷺ)യോടൊപ്പമിരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ നിന്നു നമസ്കരിച്ചുകൊണ്ടിരിക്കുകയാണ്. അയാൾ റുകൂഉം സുജൂദും തശഹ്ഹുദും നിർവ്വഹിച്ചു. എന്നിട്ട് പ്രാർത്ഥിച്ചു. പ്രാർത്ഥനയിൽ അയാൾ ഇങ്ങനെ പറയുകയുണ്ടായി:

"അല്ലാഹുവേ! നിന്നോട് ചോദിക്കുന്നു. നിശ്ചയം നിനക്കാണല്ലോ സർവ്വ സ്തുതിയും. നീയല്ലാതെ മറ്റൊരാരാധ്യനില്ല. നിനക്ക് യാതൊരു പങ്കുകാരുമില്ല. ഏറെ അനുഗ്രഹം ചെയ്യുന്നവനേ! ആകാശ ഭൂമിയെ മാതൃകയില്ലാതെ സൃഷ്ടിച്ചവനേ, ഔന്നിത്യവും മഹത്വവും ഉള്ളവനേ, എന്നെന്നും ജീവിച്ചിരിക്കുന്നവനേ, നിന്നോട് ഞാൻ സ്വർഗ്ഗം ചോദിക്കുന്നു. നരകത്തിൽ നിന്ന് രക്ഷതേടുന്നു...." അപ്പോൾ നബി(ﷺ)അനുചരന്മാരോടായി ഇങ്ങനെപറഞ്ഞു:"എന്തുചൊല്ലിക്കൊണ്ടാണ്അയാൾ പ്രാർത്ഥിച്ചിരിക്കുന്നതെന്നറിയാമോ?" അവർ പറഞ്ഞു: അല്ലാഹുവിനും അവന്റെ ദൂതനുമറിയാം.

തിരുമേനി പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം!. അല്ലാഹുവിന്റെ മഹിതനാമം ചൊല്ലിയാണ് അയാൾ പ്രാർത്ഥിച്ചിരുന്നത്. അതു ചൊല്ലി ആരെങ്കിലും പ്രാർത്ഥിച്ചാൽ അതിന് ഉത്തരം ലഭിക്കും. അയാൾ ചോദിച്ചത് നൽകപ്പെടും." *(സ്വഹീഹു സുനനുന്നസാഈ)*

ഇനി മറ്റൊരു ഹദീസ്ശ്രദ്ധിക്കുക:

**(സുനനു ഇബ്നുമാജ ഹദീസ് നമ്പർ: 3859)**



كتاب الدعاء　　٥٨١　　ب ٩ - ١٠م ٩ - ١٠ت/ح٣٨٥٩ - ٣٨٦١

٣٨٥٩ - حدثنا أبو يوسف الصيدلاني، محمد بن أحمد الرقي، قال: حدثنا محمد بن سلمة، عن الفزاري، عن أبي شيبة، عن عبدالله بن عكيم الجهني، عن عائشة، قالت: سمعت رسول الله ﷺ يقول: «اللهم! إني أسألك باسمك الطاهر الطيب المبارك الأحب إليك، الذي إذا دعيت به أجبت، وإذا سئلت به أعطيت، وإذا استرحمت به رحمت، وإذا استفرجت به فرجت».

ആയിശ(റ) നിവേദനം: നബി(ﷺ) പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി. "അല്ലാഹുവേ! പരിശുദ്ധവും പരിപാവനവും ബർക്കത്ത് നിറഞ്ഞതുമായ നിന്റെ നാമം കൊണ്ടുഞാൻ നിന്നോട് ചോദിക്കുന്നു. ഇവയാണ് നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ടതും. അവകൊണ്ട് ആരെങ്കിലും നിന്നോട് പ്രാർത്ഥിച്ചാൽ നീ ഉത്തരം നൽകുകയും അവകൊണ്ട് ആരെങ്കിലും നിന്നോട് ചോദിച്ചാൽ നീ നൽകുകയും ചെയ്യും" *(ഇബ്നുമാജ ഹദീസ് നമ്പർ: 3859)*

അപ്പോൾ അല്ലാഹുവിന്റെ നാമ–ഗുണ–വിശേഷങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് തവസ്സുൽ ചെയ്യൽ അനുവദനീയമാണെന്ന് മേൽ തെളിവുകൾ കൊണ്ട് വ്യക്തമായി.

ചുരുക്കത്തിൽ ഇസ്‌ലാം തവസ്സുലിനെ പാടെ നിരാകരിക്കുന്നില്ലെന്നും അതിൽ അനുവദിക്കപ്പെട്ടവയുണ്ടെന്നും മേൽ വിശദീകരണങ്ങളിലൂടെ വ്യക്തമായല്ലോ.

എന്നാൽ ഇന്ന് നമ്മുടെ സമൂഹത്തിൽ കൂടുതലായും നടന്നുവരുന്ന തവസ്സുൽ ഈ പറഞ്ഞ തരത്തിവുള്ളതല്ലെന്നും മരിച്ചുപോയ മഹാത്മാക്കളെക്കൊണ്ടും അവരുടെ ഹഖ്, ജാഹ്,ബർക്കത്ത് എന്നിവകൊണ്ടെല്ലാമുള്ളതാണെന്നും തീർച്ചയാണല്ലോ. അതാകട്ടെ ഇസ്‌ലാം പഠിപ്പിക്കാത്തതും അന്യ മതസ്തരിൽ നിന്ന് കടന്നുകൂടിയതുമാണ്. അത് ഇസ്‌ലാമികമാണെന്ന് സ്ഥാപിക്കാൻ അതിന്റെ അനുകൂലികൾക്ക് ഒരിക്കലും സാധിക്കുകയില്ല. അഥവാ, സ്വാലിഹീങ്ങളെക്കൊണ്ടോ അമ്പിയാ മുർസലീങ്ങളെക്കൊണ്ടോ തവസ്സുൽ ചെയ്യൽ ശറഇൽ അംഗീകരിക്കപ്പെട്ട കാര്യമാണെന്നതിന് തെളിവായി പരിശുദ്ധഖുർനിൽ നിന്നോ ബലപ്പെട്ട ഹദീസുകളിൽ നിന്നോ ഒരക്ഷരമെങ്കിലും ഉദ്ധരിക്കാൻ കഴിയില്ല! അമ്പിയാക്കളിൽ ചിലർ മറ്റു ചിലരെക്കൊണ്ടോ സഹാബിവര്യന്മാർ നബി(ﷺ)യെക്കൊണ്ടോ തവസ്സുൽചെയ്തതായി സ്ഥിരപ്പെട്ടിട്ടില്ല. താബിഈങ്ങളിലോ പരിഗണനാർഹരായ ഇമാമുകളിലോ പെട്ടവരും തവസ്സുൽ ചെയ്തതായി യാതൊരു തെളിവുമല്ല. നിരവധി അമ്പിയാക്കളുടെ പ്രാർത്ഥനകൾ ഖുർആൻ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ അവയിലൊന്നിൽ പോലും തങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരെക്കൊണ്ടോ അവരുടെ ഹഖ്-ജാഹ്-ബർക്കത്തുകൊണ്ടോ തവസ്സുൽ ചെയ്ത പ്രാർത്ഥനയില്ല എന്നതും ശ്രദ്ധേയമാണ്.

പിന്നെ അത് ഇസ്‌ലാമികമാക്കി അവതരിപ്പിക്കാനുള്ള മാർഗ്ഗം പ്രമാണങ്ങളിൽ കൃത്രിമം കാണിക്കലും അത് വളച്ചൊടിക്കലുമാണ്. എന്നാൽ അതിനും നമ്മുടെ കേരളത്തിലെ മുസ്‌ല്യാക്കന്മാർ ധൈര്യം കാണിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിനെപ്പോലും ഈ വിഭാഗം വെറുതെവിട്ടില്ല. എത്രത്തോളമെന്നാൽ, ഇടയാളത്തത്തെ തച്ച് തകർക്കുന്ന ആയത്തുകളിൽ നിന്ന് പോലും തങ്ങളുടെ വ്യാജ 'തവസ്സുലി'ന് തെളിവ് ഗവേഷണം ചെയ്തെടുക്കാൻ ഇവർ കരളുറപ്പ് കാണിച്ചിട്ടുണ്ട്! ഖുർആനിലെ നിരവധി വചനങ്ങൾ അതിനായി അവർ ദുർവ്യാഖ്യാനിച്ചു!! അത്തരത്തിൽ അവരുടെ കടുത്ത ദുർവ്യാഖ്യാനങ്ങൾക്ക് ഇരയായ ഏതാനും ആയത്തുകളിലേക്കാണ് ഇനി നമ്മുടെ പ്രയാണം. പ്രസ്തുത ആയത്തുകളുടെ യഥാർത്ഥ രൂപം തുറന്നുകാട്ടുന്നതോടൊപ്പം ഈ വിഷയത്തിൽ ദുർവ്യാഖ്യാന വീരന്മാർ എത്തിപ്പെട്ട വൈരുദ്ധ്യങ്ങളും പടുകുഴികളും തുറന്നുകാട്ടുകയും ചെയ്യുന്നുണ്ട്.